## പതിമൂന്നാം കേരള നിയമസഭ

### രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 4665 — 20.10.2011-ൽ മറുപടിക്ക്

### മുനമ്പം അഴിമുഖത്ത് മണൽതിട്ട രൂപം കൊള്ളുന്നത് തടയുവാൻ നടപടികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എസ്. ശർമ്മ | ശ്രീ. കെ. ബാബു<br>ബഹു. എക്സൈസും തുറമുഖവും<br>വകുപ്പു മന്ത്രി |
| (എ) മുനമ്പം അഴിമുഖത്ത് മണ്ണ് അടിഞ്ഞുകൂടി മണൽതിട്ട രൂപം കൊള്ളുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ മണൽതിട്ട രൂപം കൊള്ളുന്നത് തടയുവാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ ? | (എ) ഉണ്ട്.<br>മുനമ്പം മത്സ്യബന്ധന തുറമുഖ അഴിമുഖത്ത് മണൽതിട്ട രൂപം കൊള്ളുന്നത് തടയുവാൻ മെയിന്റനൻസ് ഡ്രെഡ്ജിംഗ് നടത്തുന്നത് സംബന്ധിച്ച് ബഹു. കേന്ദ്ര കൃഷി വകുപ്പു സഹമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ബന്ധപ്പെട്ടവരുടെ യോഗം ബഹു. തുറമുഖ വകുപ്പ് മന്ത്രി വിളിച്ചുചേർക്കുകയുണ്ടായി. മണൽ തിട്ടയുടെ അളവ് ഹൈഡ്രോഗ്രാഫിക് സർവ്വേയിലൂടെ കണക്കാക്കി കേന്ദ്രസഹായം ഉൾപ്പെടെയുള്ള പദ്ധതികളിൽ നിന്നും പണം കണ്ടെത്തി എത്രയും വേഗം ഡ്രെഡ്ജിംഗ് നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. വീണ്ടും മണൽതിട്ട രൂപീകരണം ഉണ്ടാകുന്നത് തടയുന്നതിന് നിലവിലുള്ള പുലിമുട്ടുകളുടെ ശരിയായ പഠനം പൂനയിലെ CWPRS എന്ന സ്ഥാപനം മുഖേന നടത്തുന്നതിനും ഉദ്ദേശിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ